**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5139** **20-03-2025 - ൽ മറുപടിയ്ക്ക്**

**ഭവന നിർമ്മാണ ബോർഡിൽ നിന്നും വിരമിച്ച ജീവനക്കാരുടെ പെൻഷൻ കുടിശ്ശിക**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. മാത്യു കുഴൽനാടൻ | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | ഭവന നിർമ്മാണ ബോർഡിൽ നിന്നും വിരമിച്ച ജീവനക്കാരുടെ പെൻഷൻ കുടിശ്ശിക തീർത്ത് വിതരണം ചെയ്തിട്ടുണ്ടോ; വിശദമാക്കുമോ; ഇല്ലെങ്കിൽ പെൻഷൻ ആനുകൂല്യങ്ങൾ കുടിശ്ശിക തീർത്ത് വിതരണം ചെയ്യുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ; | (എ) | ഭവന നിർമ്മാണ ബോർഡിൽ നിന്നും വിരമിച്ച ജീവനക്കാരുടെ പെൻഷൻ കുടിശ്ശിക തീർത്ത് വിതരണം ചെയ്തിട്ടില്ല. നിലവിൽ നൽകാനുള്ള പെൻഷൻ ആനുകൂല്യ കുടിശ്ശിക 13.07 കോടി രൂപയാണ്. കുടിശ്ശിക തുക നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നുണ്ട്. |
| (ബി) | ഭവന നിർമ്മാണ ബോർഡിൽനിന്നും വിരമിച്ച ജീവനക്കാർക്ക് പെൻഷൻ പരിഷ്കരണം അവസാനമായി നടപ്പാക്കിയത് എന്നാണ്; പതിനൊന്നാം ശമ്പള പരിഷ്കരണത്തിന്റെ ഭാഗമായുള്ള പെൻഷൻ പരിഷ്കരണം ഭവന നിർമ്മാണ ബോർഡിൽ നടപ്പാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ ആയത് നടപ്പാക്കാൻ അടിയന്തര നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ? | (ബി) | കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡിൽ നിന്നും വിരമിച്ച ജീവനക്കാർക്ക് 03.01.2020 തീയതി പ്രാബല്യത്തിൽ 10-ാം പെൻഷൻ പരിഷ്കരണമാണ് അവസാനമായി നടപ്പിലാക്കിയിട്ടുള്ളത്. 11-ാം ശമ്പള പരിഷ്കരണത്തിന്റെ ഭാഗമായുള്ള പെൻഷൻ പരിഷ്കരണം ഭവന നിർമ്മാണ ബോർഡിൽ അടിയന്തരമായി നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു. |

സെക്ഷൻ ഓഫീസർ